**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3013** **14-02-2024 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം പുനലൂർ മണ്ഡലത്തിലെ റോസ് മലയിൽ, പുനരധിവാസത്തിനായി ലഭിച്ച ഒന്നാം ഘട്ട തുക കൈപ്പറ്റി താമസിച്ചിരുന്ന വീട് പൊളിച്ചു മാറ്റുകയും ലഭിച്ച തുക കൊണ്ട് പുതിയ ഭൂമിയ്ക്ക് അഡ്വാൻസ് നൽകി കാത്തിരിക്കുകയും ചെയ്യുന്ന കുടുംബങ്ങൾക്ക് നാളിതുവരെയും രണ്ടാം ഗഡു ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 2023-2024 സാമ്പത്തിക വർഷം, നവകിരണം പദ്ധതിക്കായി റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രൊജക്റ്റ് മുഖേനെ അംഗീകരിച്ച് ലഭിച്ച 36.13 കോടി രൂപ ലഭിച്ചിട്ടുള്ളതും, ആയതിൽ 36.0525 കോടി രൂപ ചിലവാക്കിയിട്ടുള്ളതുമാണ്. രണ്ടാം ഗഡുവായി 27.13കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇവർക്ക് രണ്ടാം ഗഡു തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത തുക എപ്പോൾ നൽകാനാകും എന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 2023-2024 സാമ്പത്തിക വർഷം, നവകിരണം പദ്ധതിക്കായി റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രൊജക്റ്റ് മുഖേനെ അംഗീകരിച്ച് ലഭിച്ച 36.13 കോടി രൂപ ലഭിച്ചിട്ടുള്ളതും, ആയതിൽ 36.0525 കോടി രൂപ ചിലവാക്കിയിട്ടുള്ളതുമാണ്. രണ്ടാം ഗഡുവായി 27.13കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ചെന്തുരുണി വന്യജീവി സങ്കേതത്തിനുള്ളിലെ എംപോങ് വനമേഖലയിലെ സ്വകാര്യ ഭൂമിയിൽ താമസിക്കുന്ന പട്ടിക വർഗ്ഗേതര കുടുംബങ്ങളുടെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നത്തിന് നിലവിൽ തടസ്സങ്ങളുണ്ടോ; ആയത് എപ്പോഴേയ്ക്ക് പരിഹരിയ്ക്കാനാകുമെന്നും വിശദമാക്കാമോ; | (സി) | ടി വിഷയം 29/07/2023 ന് കൂടിയ റീജിയണൽ കമ്മിറ്റിയിൽ അജണ്ടയായി വയ്ക്കുകയും ജനവാസ മേഖലയോട് ചേർന്ന് കിടക്കുന്ന എംപോങ് ചതുപ്പിലെ സ്വയം സന്നദ്ധ പുനരധിവാസ അപേക്ഷകൾ തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനം എടുത്തിട്ടുള്ളതുമാണ്. |
| (ഡി) | കൈവശഭൂമിയ്ക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തവർക്ക് ഉടമസ്ഥാവകാശ സാക്ഷ്യപത്രമോ നിലവിലുള്ള കൈവശാവകാശമോ പരിഗണിച്ച് ഇവരുടെ സ്ഥലത്തിനും കെട്ടിടത്തിനും നഷ്ടപരിഹാരം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നവകിരണം പദ്ധതിയുടെ നിലവിലുള്ള അംഗീകൃത മാർഗ്ഗരേഖ പ്രകാരം ഇക്കാര്യം പരിഗണിക്കുവാൻ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ